21 (*415) "ടെക്നോളജിക്കൽ മിഷൻ പദ്ധതി"

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ക്ഷീരവികസന ബോർഡ് ആവിഷ്കരിച്ച ടെക്നോളജിക്കൽ മിഷൻ പദ്ധതി കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ)-(സി) ദേശീയ ക്ഷീരവികസന ബോർഡ് ആവിഷ്കരിച്ച 'ടെക്നോളജിക്കൽ മിഷൻ പദ്ധതി' കേരളത്തിൽ നടപ്പിലാക്കിയിട്ടില്ല.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (2186) സംസ്ഥാന വികസന കൗൺസിൽ

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വികസന കൗൺസിൽ രൂപീകരിച്ചുവോ എന്ന് വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ ഇതിന്റെ ഘടനയെന്താണ്;

(സി) ഈ കൗൺസിലിന്റെ കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും എന്തെല്ലാമാണ്;

(ഡി) ഈ കൗൺസിൽ യോഗം ചേരുന്നത് എപ്പോഴെല്ലാമാണ്;

(ഇ) ഈ കൗൺസിലിന്റെ പ്രവർത്തനത്തിന് സ്റ്റാറ്റ്യൂട്ടറി വാലിഡിറ്റി നൽകാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) രൂപീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ടി സമിതിയുടെ ഘടന ഇനി പറയും പ്രകാരമാണ്.

1) മുഖ്യമന്ത്രി	-	അദ്ധ്യക്ഷൻ
2) സംസ്ഥാന മന്ത്രിമാർ	-	ഉപാദ്ധ്യക്ഷന്മാർ
3) പ്രതിപക്ഷനേതാവ്	-	ഉപാദ്ധ്യക്ഷൻ
4) സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ	-	അംഗം

LIBRARY ARCHIVES Kerala Legislative Assembly

5) എല്ലാ ജില്ലാ ആസൂത്രണ
സമിതി അദ്ധ്യക്ഷന്മാരും - അംഗങ്ങൾ

6) എല്ലാ കോർപ്പറേഷൻ മേയർമാരും - അംഗങ്ങൾ

7) സംസ്ഥാന ചീഫ് സെക്രട്ടറി - മെമ്പർ സെക്രട്ടറി

8) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് മുനിസിപ്പൽ കൗൺസിൽ ചെയർമാൻമാർ, രണ്ട് ടൗൺ പഞ്ചായത്ത് ചെയർമാൻമാർ, രണ്ട് ബ്ലോക്ക് പഞ്ചായത്തു പ്രസിഡന്റുമാർ, രണ്ടു ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ-അംഗങ്ങൾ.

(സി) സംസ്ഥാന വികസന കൗൺസിലിന്റെ ഉദ്ദേശലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1) തദ്ദേശ വികസനത്തിനും മേഖലാതല വികസനത്തിനുമുള്ള നയം രൂപീകരിക്കുക.

2) ജില്ലാടിസ്ഥാനത്തിലും, സംസ്ഥാനാടിസ്ഥാനത്തിലും ഉള്ള പദ്ധതികളെ ഏകോപിപ്പിക്കുക.

3) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രബലപ്പെടുത്തുന്നതിന് ആവശ്യമായ നയം രൂപീകരിക്കുക.

4) ജില്ലകൾ തമ്മിലുള്ള വികസന സംബന്ധിയായ പൊതുപ്രശ്നങ്ങൾക്ക് പരിഹാരം കാണുക.

(ഡി) ആറു മാസത്തിലൊരിക്കൽ.

(ഇ) സംസ്ഥാന വികസന കൗൺസിലിന് നിയമപ്രാബല്യം നൽകിക്കൊണ്ട് കേരളാ മുനിസിപ്പാലിറ്റി ആക്ടിന് ഭേദഗതി വരുത്തിക്കഴിഞ്ഞു.

2 (2187) സ്വകാര്യ പൊതുമേഖലകളിലെ നിക്ഷേപം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-97, 1997-98 1998-99 വർഷങ്ങളിൽ സ്വകാര്യമേഖലയിലും പൊതുമേഖലയിലും ആയി എത്രകോടി രൂപയുടെ മുതൽമുടക്ക് ഉണ്ടായി എന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം മേഖലകളിലാണ് പ്രസ്തുത മുതൽമുടക്ക് നടത്തിയത് എന്നതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(സി) കുറ്റമറ്റരീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കി യഥാസമയം കൊടുക്കാത്തതുകൊണ്ടാണ് സംസ്ഥാനത്ത് കൂടുതൽ നിക്ഷേപം ഉണ്ടാകാത്തത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 1996-97 മുതൽ 1998-99 വരെയുള്ള മൂന്നുവർഷക്കാലയളവിൽ സംസ്ഥാന പദ്ധതി വിഹിതമായി, താൽക്കാലിക കണക്കനുസരിച്ച് മൊത്തം 8153.76 കോടി രൂപ (1996-97 ൽ 2180.18 കോടി രൂപ, 1997-98 ൽ 2867.63 കോടി രൂപ, 1998-99-ൽ 3105.95 കോടി രൂപ, ചെലവഴിക്കുകയുണ്ടായി. ഇതിനു പുറമേ, 1996 ഏപ്രിൽ മുതൽ 1998 മാർച്ച് അവസാനംവരെയുള്ള രണ്ടുവർഷകാല

LIBRARY ARCHIVES Kerala Legislative Assembly